# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **7/2/2013-ൽ മറുപടിക്ക്**

**ചോദ്യം നം : 954**

## ചുമട്ടുതൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.അബ്ദുൾ ഖാദർ.** | **ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) ചുമട്ടുതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള ചുമട്ടുതൊഴിലാളി തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടത്തിൽപ്പെട്ടാൽ എന്തെല്ലാം ധനസഹായമാണ് ഇപ്പോൾ നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ചുമട്ടുതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമുള്ള ചുമട്ടുതൊഴിലാളി തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടത്തിൽപ്പെട്ടാൽ ചീഫ് എക്സിക്യൂട്ടീവിന്റെ അനുമതിയോടുകൂടി 10,000/- രൂപ വരെ അടിയന്തിര ചികിൽസ വായ്പ നൽകുകയും ബില്ലുകൾ സമർപ്പിയ്ക്കുന്ന മുറയ്ക്ക് മെഡിക്കൽ ക്ലെയിമായി പരിവർത്തനം ചെയ്യുകയും ചെയ്യുന്നു. കൂടാതെ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട് പ്രകാരമുള്ള യഥാർത്ഥ ചികിൽസാ ചെലവും, നഷ്ടപരിഹാര തുകയും നൽകി വരുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത ഇനത്തിൽ എത്ര തുക നൽകിയെന്നും ഇനി എത്ര കുടിശ്ശികയുണ്ടെന്നും വെളിപ്പെടുത്തുമോ? | (ബി) കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ അംഗങ്ങളായുള്ള ചുമട്ടു തൊഴിലാളികൾക്ക് തൊഴിൽ ചെയ്യുന്നതിനിടയിൽ അപകടം സംഭവിച്ചതിനെ തുടർന്ന് നഷ്ട പരിഹാര തുകയായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം (2011-12 ൽ 49,31,971/- രൂപയും 2012-13 ൽ 30,40,063/- രൂപയും) ആകെ 79,72,034/- രൂപ എംപ്ലോയീസ് കോമ്പൻസേഷൻ നിയമ പ്രകാരം നൽകിയിട്ടുണ്ട്. എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ തീർപ്പു കൽപിച്ച് ഉത്തരവായിട്ടുള്ള കേസ്സുകളിൽ കുടിശ്ശിക ഇനത്തിൽ |

യാതൊരു തുകയും നൽകുവാൻ ഇല്ല. നിലവിൽ 42 അപേക്ഷകൾ തീർപ്പാക്കുന്നതിനായി എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർമാർ മുൻപാകെ നടപടി തുടർന്നു വരുന്നു.

സെക്ഷൻ ഓഫീസർ